കേരള സർക്കാർ

## വിവര പൊതുജന സമ്പർക്ക വകുപ്പ്

# പത്രക്കുറിപ്പ്


ജില്ലാ ഇൻഫർമേഷൻ ആഫീസ്
2018 നവംബർ 16 വെള്ളി

കാസർകോട്
www.prd.kerala.gov.in 04994 255145 dioksgd@gmail.com


## ഹരിതചട്ടം പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ

## കർശന നടപടി എടുക്കും: ജില്ലാ കളക്ടർ

ജില്ലയിൽ വിവാഹങ്ങൾ ഉൾപ്പടെയുള്ള പൊതുചടങ്ങുകൾക്കും ഓഡിറ്റോറിയങ്ങളും കാറ്ററിംഗ് സ്ഥാപനങ്ങളും ഹരിതചട്ടം പാലിക്കണമെന്നും ഇതു പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ കർശന നട പടി എടുക്കുമെന്നും ജില്ലാകളക്ടർ ഡോ.ഡി.സജിത്ത് ബാബു പറഞ്ഞു. ജില്ലയെ മാലിന്യവിമുക്തമാ ക്കുന്നതിന് കളക്ടറേറ്റ് മിനി കോൺഫറൻസ് ഹാളിൽ ചേർന്ന വിവിധ സംഘടനകൾ, ക്ലബുകൾ എന്നി വയുടെ യോഗത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ തയ്യാറാക്കുന്ന ജില്ലാ ഡവലപ്മെന്റ് പ്ലാൻ നടപ്പിലാക്കുന്നതിന് റസി ഡൻസ് അസോസിയേഷനുകൾ, പീപ്പിൾസ് ഫോറം, ലയൺസ് ക്ലബ്, റോട്ടറി ക്ലബ് എന്നിവയ്ക്ക് സുപ്ര ധാന പങ്ക് വഹിക്കാനാകും. പൊതുസ്ഥലത്തോ ജലസ്രോതസിലോ മാലിന്യം തള്ളുന്നവരുടെ വിവര ങ്ങൾ തരുന്നതിന് ഇത്തരം സംഘടനകളുടെ സഹകരണം ഉണ്ടാകണം.ഇതിനുവേണ്ടി റസിഡൻസ് അസോ സിയേഷനുകളുടെ ഒരു അടിയന്തര യോഗം വിളിച്ച് ചേർക്കും. ജില്ലയിലെ മാലിന്യം നിറഞ്ഞ തോടുകളും പുഴകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ശുചിത്വമിഷൻ വൃത്തിയാക്കും. ഇതിനും എല്ലാ സംഘടനകളും സഹകരിക്കണമെന്ന് കളക്ടർ അറിയിച്ചു. പോലീസ് സ്റ്റേഷനുകളിൽ പിടിച്ചെ ടുത്ത തൊണ്ടിയല്ലാത്ത വാഹനങ്ങൾ ലേലം ചെയ്യുമെന്നും ദേശീയ പാതയുടെ ഇരുവശത്തും അനാഥ മായി കിടക്കുന്ന വാഹനങ്ങൾ പിടിച്ചെടുക്കുമെന്നും കളക്ടർ അറിയിച്ചു.

യോഗത്തിൽ ശുചിത്വ മിഷൻ ജില്ലാ കോ ഓർഡിനേറ്റർ സി.രാധാകൃഷ്ണൻ, വിവിധ റസിഡൻസ് അസോസിയേഷൻ ഭാരവാഹികൾ, ക്ലബ് സെക്രട്ടറിമാർ തുടങ്ങിയവർ സംബന്ധിച്ചു.

## കാസർകോട് പുതിയ ബസ് സ്റ്റാന്റിലെ കിണർ

## ഉടൻ നികത്തണം: ജില്ലാകളക്ടർ

മാലിന്യങ്ങൾ തള്ളി മലിനമാക്കിയ കാസർകോട് പുതിയ ബസ്റ്റാന്റിലെ കിണർ ഉടൻ നികത്തണ മെന്ന് ജില്ലാ കളക്ടർ ഡോ.ഡി സജിത്ത് ബാബു കാസർകോട് നഗരസഭ സെക്രട്ടറിക്ക് നിർദ്ദേശം നൽകി. കളക്ടറേറ്റ് മിനികോൺഫറൻസ് ഹാളിൽ നടന്ന വാട്ട്സ്ആപ് പൊതുജന പരിഹാര അവലോകനയോഗ ത്തിലാണ് കളക്ടർ നിർദേശം നൽകിയത്.

മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ തള്ളുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ജില്ലാഭരണകൂടത്തിന്റെ ആഭിമുഖ്യത്തിൽ വാട്ട്സ്ആപ് പൊതുജന പരിഹാര സംവി

(തുടരും)

ധാനം ആരംഭിച്ചത്. ഇതിന്റെ ആദ്യ അവലോകന യോഗത്തിൽ 45 പരാതികളാണ് ലഭിച്ചത്. ഇതിൽ 25 പരാതികളും പരിഹരിച്ചു. ബാക്കിയുള്ളവ ഉടൻ പരിഹരിക്കും. മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് വിമുഖത കാട്ടുന്ന ഉദ്യോഗസ്ഥർക്ക് എതിരെ കർശന നടപടി എടുക്കും. നിരോധിത പ്ലാസ്റ്റിക്ക് പിടിച്ചെടുക്കുന്നതിനായി പഞ്ചായത്ത് -നഗരസഭ തലത്തിൽ അടിയന്തര നടപടി എടുക്കണമെന്ന് കളക്ടർ നിർദേശിച്ചു.

കാസർകോട് നഗരസഭ, മഞ്ചേശ്വരം, മംഗൽപാടി, മെഗ്രൽ പുത്തൂർ, കുമ്പള, ചെങ്കള എന്നീ ഗ്രാമപഞ്ചായത്തുകൾ മാലിന്യസംസ്കരണത്തിൽ കൂടുതൽ ആത്മാർത്ഥതയോടെ പ്രവർത്തിക്കണമെന്ന് കളക്ടർ പറഞ്ഞു.പൊതുജനങ്ങളിൽ നിന്നും ലഭിച്ച സാധുവായ പരാതികൾക്ക് പാരിതോഷികം നൽകുന്ന കാര്യം പരിഗണിക്കും. ടൗണിൽ കൂടുതൽ മാലിന്യം തള്ളുന്ന പ്രദേശങ്ങളിൽ സിസി ക്യാമറകൾ സ്ഥാപിച്ച് മാലിന്യം തള്ളുന്നവരെ കണ്ടെത്തുന്നതിനാവശ്യമായ കർശന നടപടികൾ സ്വീകരിക്കുന്നതിന് നഗരസഭ സെക്രട്ടറിമാർക്ക് കളക്ടർ നിർദ്ദേശം നൽകി. യോഗത്തിൽ വിവിധ പഞ്ചായത്ത് സെക്രട്ടറിമാർ,ഉദ്യോഗസ്ഥർ എന്നിവർ സംബന്ധിച്ചു.

## ഗദ്ദിക 2018: സാംസ്കാരിക മേളയ്ക്ക് ഒരുക്കങ്ങൾ ആരംഭിച്ചു

പട്ടികജാതി-പട്ടികവർഗ വികസന വകുപ്പിന്റെയും കിർത്താഡ്സിന്റെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന സാംസ്കാരിക പ്രദർശന വിപണന മേളയായ ഗദ്ദിക-2018 ജില്ലയുടെ ആഘോഷ മേളയാക്കാൻ സംഘാടക സമിതി യോഗം തീരുമാനിച്ചു. ജില്ലാ കളക്ടറുടെ ചേബറിൽ ചേർന്ന യോഗത്തിൽ മേള വിജയിപ്പിക്കാനുള്ള കാര്യപരിപാടികളെകുറിച്ചു ചർച്ചചെയ്തു. പട്ടികജാതി,ഗോത്ര വിഭാഗങ്ങളുടെ ദൈവികവും വംശീയവുമായ കലാ സംസ്കൃതികളുടെയും കരകൗശല വൈവിദ്യങ്ങളുടെയും തനത് അറിവുകളുടെയും പ്രദർശനവും വിപണനവും ലക്ഷ്യമാക്കി സംഘടിപ്പിക്കുന്ന ഗദ്ദികയ്ക്ക് ആദ്യമായാണ് ജില്ല ആതിഥ്യമരുളുന്നത്. ഡിസംബർ 22 മുതൽ 30 വരെ കാലിക്കടവ് മൈതാനത്ത് നടത്തുന്ന മേളയിൽ നൂറോളം സ്റ്റാളുകളും നൂറുകണക്കിന് കലാകാരന്മാരും അണിനിരയ്ക്കും.

സപ്തഭാഷകളുടെ വൈവിധ്യം കൂടി ഈ വർഷത്തെ ഗദ്ദികയെ വ്യത്യസ്ഥമാക്കും. മേളയ്ക്ക് കൊഴുപ്പ് കൂട്ടാൻ ഫോക്‌ലോർ അക്കാദമി, കലാമണ്ഡലം, കെപിഎസി, തുളു അക്കാദമി തുടങ്ങിയവയുടെ നിരവധി കലാ-സാംസ്കാരിക പരിപാടികൾ അരങ്ങേറും. മേളയുടെ ടൂറിസം സാധ്യതകൾ പരിശോധിക്കാനും പൊതുജനങ്ങളിൽ  മേളയെക്കുറിച്ച് അവബോധം സൃഷ്ടിക്കാനും കളക്ടർ ഡോ. ഡി. സജിത്ത് ബാബു നിർദ്ദേശിച്ചു.

മേളയുടെ ചെയർമാനും തൃക്കരിപ്പൂർ എംഎൽഎയുമായ എം. രാജഗോപാലൻ,  പട്ടികജാതി വികസന ഓഫിസർ എസ്.മീനാ റാണി, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ പി.ടി. അനന്തകൃഷ്ണൻ, ജനപ്രതിനിധികൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ സംബന്ധിച്ചു.

## അക്ഷയ കേന്ദ്രങ്ങൾക്ക് ഇന്ന് അവധി

അക്ഷയ 16 ാം വാർഷികാഘോഷത്തിന്റെ ഭാഗമായി  ഇന്ന്(നവംബർ  17) അക്ഷയ കുടുംബ സംഗമം പടന്നക്കാട് നടക്കുന്നതിനാൽ ജില്ലയിലെ മുഴുവൻ അക്ഷയ കേന്ദ്രങ്ങൾക്കും ഇന്ന് അവധിയായിരിക്കുന്നതാണെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

## കാഞ്ഞങ്ങാട് ഹോട്ടലുകളിൽ പരിശോധന;

## പഴകിയ ഭക്ഷണ പദാർത്ഥങ്ങൾ കണ്ടെത്തി

കാഞ്ഞങ്ങാട് നഗരത്തിലെ ഹോട്ടലുകളിലെ ശുചിത്വ സാഹചര്യം മനസിലാക്കാൻ നഗരസഭ ആരോഗ്യ വിഭാഗം നടത്തിയ പരിശോധനയിൽ പഴകിയ ഭക്ഷണ പദാർത്ഥങ്ങൾ കണ്ടെത്തി.കഴിഞ്ഞ രണ്ട് മാസമായി വിവിധ ഹോട്ടലുകളിൽ കൃത്യമായ ഇടവേളകളിൽ നഗരസഭ ആരോഗ്യ വിഭാഗം പരിശോധന നടത്തുന്നുണ്ട്. നിരന്തരം പഴകിയ ഭക്ഷണങ്ങൾ കണ്ടെത്തുന്ന ഹോട്ടലുകൾ അടച്ച് പൂട്ടാൻ ഒരുങ്ങുകയാണ് നഗരസഭ.

(തുടരും)

ഇന്നലെ(16) രാവിലെ നഗരസഭാ ഹെൽത്ത് സ്‌ക്വാഡ് നടത്തിയ പരിശോധനയിൽ ഹോസ്ദുർഗ് ബേക്കൽ ഇന്റർനാഷണൽ, കുശാൽനഗർ ദുബായ് പാലസ്, അൽ മദീന ഫാസ്റ്റ് ഫുഡ്, കല്ലൂരാവി, ഹോട്ടൽ രാജ് റെസിഡൻസി എന്നിവിടങ്ങിൽ നിന്ന് പഴകിയ ഭക്ഷണ സാധനങ്ങൾ കണ്ടെത്തി. ഹെൽത്ത് സൂപ്പർവൈസർ പി.പി രാജശേഖരൻ നായരുടെ നേതൃത്വത്തിലായിരുന്നു പരിശോധന. ജൂനിയർ ഹെൽത്ത് ഇൻസ്‌പെക്ടർമാരായ ടി.സജികുമാർ, ബീന.വി വി, സീമ.പി.വി എന്നിവരും സ്‌ക്വാഡിലുണ്ടായിരുന്നു.

ഫോട്ടോ അടിക്കുറിപ്പ്:- ഓൾഡ് ഫുഡ്:-

കാഞ്ഞങ്ങാട് നഗരത്തിലെ ഹോട്ടലുകളിൽ നിന്നും നഗരസഭ ആരോഗ്യ വിഭാഗം പിടിച്ചെടുത്ത പഴകിയ ഭക്ഷണ പദാർത്ഥങ്ങൾ.

# നോർക്ക റൂട്ട്‌സ് വഴി കുവൈറ്റിലേയ്ക്ക്

# നഴ്‌സുമാരെ തേടുന്നു

കൂവൈറ്റിലെ റോയൽ ഹയാത്ത് ആശുപത്രിയിലേയ്ക്ക് നോർക്ക റൂട്ട്‌സ് വഴി നഴ്‌സുമാരെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചതായി നോർക്ക റൂട്ട്‌സ് ചീഫ് എക്‌സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. ബി.എസ്.സി അല്ലെങ്കിൽ ജി.എൻ.എം യോഗ്യതയും മൂന്നുവർഷത്തെ പരിചയവും ഉള്ള വനിതകൾക്ക് അപേക്ഷിക്കാം. അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി നവംബർ 26. ആകെ ഒഴിവുകൾ 50. ശമ്പളം 325 കുവൈറ്റ് ദിനാർ (ഏകദേശം 77,000 രൂപ). നോർക്ക റൂട്ട്‌സിന്റെ സർവീസ് ചാർജ്ജ് 30,000 രൂപയും നികുതിയുമാണ്. ഇന്റർവ്യൂ കൊച്ചിയിൽ നടക്കും. വെബ്‌സൈറ്റ്: www.norkaroots.net. 24 മണിക്കൂർ കാൾ സെന്റർ ഫോൺ: 1800 425 3939.

# സ്വർണമെഡൽ നേടിയ സിദ്ധാർഥിനെ അനുമോദിച്ചു

തിരുവനന്തപുരത്ത് നടന്ന സംസ്ഥാന സ്‌കൂൾ കായികമേളയിൽ സീനിയർ ഡിസ്‌കസ് ത്രോ വിഭാഗത്തിൽ ജില്ലയ്ക്ക് സ്വർണമെഡൽ നേടിതന്ന കെ. സി സിദ്ധാർഥിനെ ജില്ലാ സ്‌പോർട്‌സ് കൗൺസിലിന്റെ നേതൃത്വത്തിൽ അനുമോദിച്ചു. ജില്ലാ കളക്ടർ ഡോ.ഡി.സജിത്ത് ബാബുവിന്റെ അധ്യക്ഷതയിൽ ചേമ്പറിൽ നടന്ന പരിപാടിയിൽ ജില്ലാ സ്‌പോർട്‌സ് കൗൺസിൽ പ്രസിഡന്റ് എൻ.എ സുലൈമാൻ, സ്‌പോർട്‌സ് കൗൺസിൽ സെക്രട്ടറി പി.സൗമ്യ, ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർ ഡോ.ഗിരീഷ് ചേലയിൽ തുടങ്ങിയവർ പങ്കെടുത്തു. കുട്ടമ്മത്ത് ഹയർസെക്കൻഡറി സ്‌കൂളിലെ പ്ലസ്ടു വിദ്യാർഥിയായ സിദ്ധാർഥ് തുടർച്ചയായി അഞ്ചാം വർഷമാണ് സംസ്ഥാന കായികമേളയിൽ പങ്കെടുക്കുന്നത്. ജില്ലയ്ക്ക് ലഭിച്ച ഏക സ്വർണ്ണ മെഡൽ സിദ്ധാർഥിന്റെതാണ്.

ഫോട്ടോ അടിക്കുറിപ്പ്

കളക്ടർ:- സംസ്ഥാന സ്‌കൂൾ കായികമേളയിൽ സീനിയർ ഡിസ്‌കസ്ത്രോ വിഭാഗത്തിൽ ജില്ലയ്ക്ക് സ്വർണമെഡൽ നേടിതന്ന കെ.സി സിദ്ധാർഥിനെ ജില്ലാ കളക്ടർ ഡോ.ഡി.സജിത്ത് ബാബു അനുമോദിക്കുന്നു.

# മുഴുവൻ കുട്ടികൾക്കും സുരക്ഷിത അയലിടം;

# ബോധവത്കരണ ക്യമ്പ് തുടങ്ങി

കുട്ടികൾക്കെതിരെ വർധിച്ചുവരുന്ന ലൈഗിംകാതിക്രമങ്ങൾക്കും ചൂഷണത്തിനുമെതിരെ ജില്ലാ ശിശുസംരംക്ഷണ സമിതി, ചൈൽഡ് ലൈൻ എന്നിവയുടെ നേതൃത്വത്തിൽ എക്‌സൈസ് വകുപ്പ്, കുടുംബശ്രീ ജില്ലാമിഷൻ എന്നിവയുമായി സഹകരിച്ച് 'മുഴുവൻ കുട്ടികൾക്കും സുരക്ഷിത അയലിടം' ബോധവത്കരണ ക്യാമ്പ് ആരംഭിച്ചു. ചെമ്മനാട്, ബേഡഡുക്ക, മടിക്കൈ,ചെറുവത്തൂർ പഞ്ചായത്തുകളിലെ 20 കേന്ദ്രങ്ങളിലാണ് ആദ്യഘട്ടത്തിൽ ക്യാമ്പ് സംഘടിപ്പിക്കുന്നത്. അയൽക്കൂട്ട അംഗങ്ങൾക്കും യുവജന ക്ലബുകൾക്കുമാണ് ബോധവത്കരണ ക്യാമ്പ്.

(തുടരും)

എക്സൈസ് വകുപ്പിലെ കെ.പി ഗംഗാധരൻ, പി.ഉപേന്ദ്രൻ, ചാൾസ് ജോസ്,ടി.ജയരാജ്, ജില്ലാ ശിശു സംരംക്ഷണ യൂണിറ്റിലെ ഉദ്യോഗസ്ഥരായ പി.ഷുഹൈബ്, എ.ജെ ഫൈസൽ,സി.സബിൻ, എ.ശ്രീജിത്ത്, അനു എബ്രഹാം, ടി.കെ രേഷ്മ, പി.വി ജിഷ, ചൈൽഡ് ലൈൻ കോർഡിനേറ്ററായ അനീഷ് ജോസ്, കെ.ഉദയകുമാർ, കുടുംബശ്രീ ജില്ലാമിഷൻ പ്രോഗ്രാം മാനേജർ ആരതി മേനോൻ എന്നിവരാണ് ക്ലാസുകൾക്ക് നേതൃത്വം നൽകുന്നത്. ക്യാമ്പ് ഈ മാസം 21 ന് അവസാനിക്കും.

## സായുധസേനാ പതാകദിനം ആചരിക്കും

സായുധസേനാ പതാക ദിനമായ ഡിസംബർ ഏഴിന് ജില്ലാതല പരിപാടി കളക്ടറേറ്റ് കോഫറൻസ് ഹാളിൽ രാവിലെ പത്തിന് സംഘടിപ്പിക്കാൻ സായുധസേനാ പതാക ദിന ഫണ്ട് കമ്മിറ്റിയുടെയും ജില്ലാ സൈനിക ബോർഡിന്റെയും നേതൃത്വത്തിൽ ജില്ലാ കളക്ടർ ഡോ.ഡി സജിത്ത് ബാബുവിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റ് ചേമ്പറിൽ ചേർന്ന യോഗത്തിൽ തീരുമാനമായി.

സായുധസേനാ പതാകനിധിയിലേക്ക് ഇനിയും തുക നൽകാൻ ബാക്കിയുള്ള മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളും എത്രയും പെട്ടന്ന് തുക അടയ്ക്കണമെന്നു കളക്ടർ നിർദേശിച്ചു. യോഗത്തിൽ ഡെപ്യൂട്ടി കളക്ടർ പി.എം രാമചന്ദ്രൻ, ജില്ലാ സൈനീക ബോർഡ് വൈസ്പ്രസിഡന്റ് പി.സി അബ്രഹാം, ജില്ലാ സൈനിക ക്ഷേമ ഓഫീസർ ജോസ് ടോംസ്, വിവിധ വകുപ്പ് മേധാവികൾ തുടങ്ങിയവർ പങ്കെടുത്തു.

## തേനീച്ച വളർത്തൽ; രണ്ടാം ബാച്ച് 21 മുതൽ

കൃഷി വിജ്ഞാന കേന്ദ്രം, ഹോർട്ടികോർപ്പ്(തിരുവനന്തപുരം) കാസർകോട് റൂറൽ ഡവലപ്പമെന്റ് സൊസൈറ്റി കോളിച്ചാൽ എന്നിവർ സംയുക്തമായി നടത്തിവരുന്ന തേനീച്ച വളർത്തൽ പരിപാടിയുടെ ഈ വർഷത്തെ രണ്ടാമത്തെ ബാച്ച് ഈ മാസം 21 ന് കൃഷിവിജ്ഞാന കേന്ദ്രത്തിൽ ആരംഭിക്കും. പങ്കെടുക്കുവാൻ താൽപര്യമുള്ള യുവതീ-യുവാക്കൾ, കർഷകർ തുടങ്ങിയവർ 04994-232993,9446062182 എന്നീ നമ്പറുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യണം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്കാണ് മുൻഗണന.

## കുഷ്ഠരോഗ നിർമാർജന ഊർജ്ജിത പ്രവർത്തനങ്ങളുമായി ആരോഗ്യവകുപ്പ്

സമൂഹത്തിൽ കണ്ടുപിടിക്കപ്പെടാതെ ഇപ്പോഴും കുഷ്ഠരോഗത്തിന്റെ ലക്ഷണങ്ങളുമായി കഴിയുന്ന ആളുകളെ കണ്ടെത്തി പൂർണ്ണമായും കുഷ്ഠരോഗം നിർമാർജ്ജനം ചെയ്യുന്ന എൽ.സി.ഡി.സി. (ലെപ്രസി കേസ് ഡിറ്റക്ഷൻ ക്യാമ്പയിൻ ) മുന്നൊരുക്ക പ്രവർത്തനങ്ങൾ ജില്ലയിൽ ആരംഭിച്ചു. ലെപ്രസി കേസ് ഡിറ്റക്ഷൻ ക്യാംപയിൻ ഡിസംബർ അഞ്ചിനു തുടങ്ങി രണ്ടാഴ്ചക്കാലമാണ് നടക്കുന്നത്. കുഷ്ഠരോഗ ബാധിതരെ തുടക്കത്തിൽ തന്നെ കണ്ടുപിടിച്ച് ചികിൽസയ്ക്ക് വിധേയരാക്കുക എന്നതാണു ഈ പരിപാടിയുടെ ലക്ഷ്യം.

രോഗബാധിതരെ തുടക്കത്തിൽ തന്നെ കണ്ടുപിടിച്ച് ചികിൽസ ആരംഭിക്കുക എന്നതാണ് കുഷ്ഠരോഗ നിർമ്മാർജ്ജന പ്രക്രിയയിൽ ഏറ്റവും പ്രധാനം. ആരംഭത്തിലേ കണ്ടുപിടിച്ച് ചികിത്സിച്ചാൽ പൂർണമായും ഭേദമാക്കാവുന്ന രോഗമാണ് കുഷ്ഠം. നിറം മങ്ങിയതോ, ചുവന്നതോ ആയ സ്പർശനശേഷി കുറഞ്ഞ പാടുകൾ, പാടുകളിൽ വേദനയോ ചൊറിച്ചിലോ ഇല്ലാതിരിക്കുക, കൈകാലുകളിൽ മരവിപ്പ്, കട്ടിയുള്ള തിളങ്ങുന്ന ചർമ്മം, തടിപ്പുകൾ, വേദനയില്ലാത്ത വ്രണങ്ങൾ, വൈകല്യങ്ങൾ എന്നിവയാണ് കുഷ്ഠ രോഗ ലക്ഷണങ്ങൾ.

പ്രതിരോധ ശേഷി കുറഞ്ഞവരിലാണ് രോഗം പ്രത്യക്ഷപ്പെടാറുള്ളത്. രോഗാണുക്കൾ ശരീരത്തിൽ പ്രവേശിച്ചതിന് ശേഷം 5 മുതൽ 7 വർഷം കഴിഞ്ഞാണ് രോഗലക്ഷണങ്ങൾ കണ്ടു തുടങ്ങുന്നത്. മനുഷ്യരിൽ നിന്നും മനുഷ്യരിലേക്ക് മാത്രമേ കുഷ്ഠ രോഗം പകരുകയുള്ളൂ. വായു വഴിയാണ് കുഷ്ഠരോഗം പ്രധാനമായും പകരുന്നത്. രോഗം ഉള്ള ആൾ തുമ്മുകയോ, ചുമയ്ക്കുകയോ ചെയ്യു മ്പോൾ രോഗാണു രോഗിയിൽ നിന്ന് പുറത്ത് കടക്കുന്നു. ചികിത്സയെടുക്കുന്ന രോഗികളിൽ നിന്ന് രോഗം പകരില്ല.

(തുടരും)

സമ്പർക്കത്തിലൂടെയും രോഗം സാധാരണയായി പകരാറില്ല. വിവിധ ഔഷധ ചികിത്സയിലൂടെ 6 മുതൽ 12 മാസം കൊണ്ട് കുഷ്ഠരോഗത്തെ ഏതവസ്ഥയിലും പരിപൂർണമായും ചികിത്സിച്ച് ഭേദമാക്കാൻ കഴിയും. ബ്ലിസ്റ്റർ കോമ്പി പാക്കുകളിലുള്ള മരുന്ന് എല്ലാ സർക്കാർ ആശുപത്രികളിലും സൗജന്യമായി ലഭ്യമാണ്.

കുഷ്ഠരോഗം മൂലമുള്ള പ്രകടമായ വൈകല്യങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെട്ട പാലക്കാട്, തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, മലപ്പുറം, കണ്ണൂർ, കാസർകോട് ജില്ലകളിലാണ് ഈ പരിപാടി നടപ്പിലാക്കുന്നത്. ഡിസംബർ അഞ്ചാം തീയതി തുടങ്ങി രണ്ടാഴ്ചക്കാലം ആശാ പ്രവർത്തകരും പരിശീലനം ലഭിച്ച പുരുഷ പ്രവർത്തകരുമടങ്ങിയ ഒരു ടീം ഗൃഹ സന്ദർശനം നടത്തും. രണ്ടു വയസിനു മുകളിലുള്ള എല്ലാവരുടേയും ശരീര പരിശോധന നടത്തും. തൊലിപ്പുറത്ത് സ്പർശനശേഷി കുറഞ്ഞ നിറം മങ്ങിയതോ, ചുവന്നതോ ആയ പാടുകൾ, തടിപ്പുകൾ, കട്ടികൂടിയ തിളക്കമുള്ള ചർമ്മം, വേദനയില്ലാത്ത വ്രണങ്ങൾ, കൈകാലുകളിൽ മരവിപ്പ്, വൈകല്യങ്ങൾ, കണ്ണടക്കാനുള്ള പ്രയാസം എന്നിവ ഉണ്ടോ എന്നു കണ്ടുപിടിക്കുകയും ചെയ്യും. തുടർന്നു ആരോഗ്യ വകുപ്പ് അനന്തര നടപടികൾ കൈക്കൊള്ളുകയും ചികിൽസ ആവശ്യമുള്ളവർക്ക് വിവിധ ഔഷധ ചികിത്സ ലഭ്യമാക്കുകയും ചെയ്യും.

## അധ്യാപക ഒഴിവ്

ചെറുവത്തൂർ ജി.എഫ്.വി.എച്ച്.എസിൽ എച്ച്.എസ്.എ (നാച്ചുറൽ സയൻസ് ) അധ്യാപക ഒഴിവുണ്ട് .താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ ഈ മാസം 19 ന്(നവംബർ 19)രാവിലെ 10.30 ന് അസൽ സർട്ടിഫിക്കറ്റ് സഹിതം സ്കൂൾ ഓഫീസിൽ കൂടിക്കാഴ്ചയ്ക്ക് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: 0467 2261470.

## ന്യൂനപക്ഷ കമ്മീഷൻ സിറ്റിങ്ങ് 19 ന്

കേരള സംസ്ഥാന ന്യനപക്ഷ കമ്മീഷൻ സിറ്റിംഗ് ഈ മാസം 19 ന് കാസർകോട് കോൺഫറൻസ് ഹാളിൽ നടക്കും.

## എം.എൽ.എ ഫണ്ട് അനുവദിച്ചു

ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിലെ കമ്പല്ലൂർ ഗവ.ഹയർ സെക്കന്ററി സ്കൂളിലേക്ക് കെട്ടിട നിർമ്മാണത്തിന് കെ.രാജഗോപാലൻ എം.എൽ.എ യുടെ പ്രത്യേക വികസന നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപയും, കയ്യൂർ ചീമേനി ഗ്രാമ ഞ്ചായത്തിലെ മയ്യൽ വായനശാല കടവ് റോഡ് ടാറിംഗ് പ്രവർത്തക്കായി ആറ് ലക്ഷത്തിപതിനായിരം രൂപയും അനുവദിച്ചു. കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ ബളാൽ ഗ്രാമ പഞ്ചായത്തിലെ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ യൂണിറ്റിലേക്ക് വാഹനം വാങ്ങുന്നതിന് കാഞ്ഞങ്ങാട് എം.എൽ.എ യായ മന്ത്രി ഇ.ചന്ദ്രശേഖരന്റെ പ്രദേശികവികസനനിധിയിൽ നിന്ന് പത്തുലക്ഷം രൂപ അനുവദിച്ചു. പദ്ധതികൾക്ക് ജില്ലാ കളക്ടർ ഭരണാനുമതി നൽകി.

## അഫിലിയേറ്റഡ് ക്ലബ്ബുകളുടെ യോഗം

നെഹ്റു യുവകേന്ദ്രയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ക്ലബ്ബുകളുടെ യോഗം ഈ മാസം 19 ന് രാവിലെ 10 ന് കാസർകോട് ഓഫീസിൽ നടത്തും. 2018-19 വർഷത്തേക്കുള്ള പ്രോഗ്രാമുകൾ ഏറ്റെടുത്തു നടത്തുവാൻ അപേക്ഷ തന്നിട്ടുള്ള ക്ലബ്ബുകൾക്കും താല്പര്യമുള്ള ക്ലബ്ബുകൾക്കും ഈ യോഗത്തിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് 04994 255144, 6282264617.

## ക്ലസ്റ്റർ കോഡിനേറ്റർ നിയമനം

ബി.ആർ.സി യുടെ പരിധിയിൽ വരുന്ന വിവിധ ക്ലസ്റ്ററുകളിൽ ദിവസവേതനടിസ്ഥാനത്തിൽ ക്ലസ്റ്റർ കോഡിനേറ്റർമാരെ നിയമിക്കും. യോഗ്യത ഏതെങ്കിലും വിഷയത്തിലുള്ള ബിരുദവും ബിഎഡും. അപേക്ഷകർ നവംബർ 22 ന് മുമ്പായി കാസർകോട് ബി.ആർ.സിയിൽ സമർപ്പിക്കണം. അപേക്ഷാഫോറത്തിന്റെ മാതൃക ബി.ആർ.സിയിൽ നിന്നും ലഭിക്കും.

# ജേർണലിസ്റ്റ് ഇന്റേൺസ് നിയമനം

കുടുംബശ്രീ ജില്ലാമിഷനു കീഴിൽ 2019 ജനുവരി ഒന്നു മുതൽ 2019 ജൂൺ 30 വരെയുള്ള ആറു മാസത്തേക്ക് ജേർണലിസ്റ്റ് ഇന്റേൺസായി പ്രവർത്തിക്കാൻ താൽപര്യമുളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. യോഗ്യത:-സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ടുകൾ, പ്രസ്ക്ലബ്ബ് നടത്തുന്ന ഇൻസ്റ്റിറ്റ്യൂട്ടുകൾ, അംഗീകൃത യൂണിവേഴ്സിറ്റികളുടെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവിടങ്ങളിൽ നിന്നും ജേർണലിസം ബിരുദം, ബിരുദാനന്തര ബിരുദം വിജയിച്ചവരായിരിക്കണം. പ്രവർത്തി പരിചയം നിർബന്ധമല്ല. ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യമുള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കും. തൊഴിൽ വിവരണം:-കുടുംബശ്രീക്ക് വേണ്ടി പത്രക്കുറിപ്പുകൾ തയ്യാറാക്കൽ, റിപ്പോർട്ടിംഗ്, വെബ്സൈറ്റ് അപ്ഡേഷൻ, സോഷ്യൽ മീഡിയ മാനേജ്മെന്റ്, നൂതന പരിപാടി ആവിഷ്കരണം. പ്രായ പരിധി:- അപേക്ഷകർ 20 നും 30 നും മധ്യേ പ്രായമുള്ളവരായിരിക്കണം (2019 ജനുവരി 1 ന് 30 വയസ് കഴിയാൻ പാടുള്ളതല്ല). അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഡിസംബർ 10 വൈകുന്നേരം 5 മണി വരെ.)

അപേക്ഷാ ഫോറത്തിന്റെ മാതൃക www.kudumbashree.com എന്ന വെബ്സൈറ്റിൽ careers എന്ന വിഭാഗത്തിൽ ലഭിക്കും. അപേക്ഷകർ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ (പ്രായം, യോഗ്യത, പ്രവൃത്തി പരിചയം (ഉണ്ടെങ്കിൽ) എന്നിവ തെളിയിക്കുന്നതിനുള്ള) സഹിതം ജില്ലാമിഷൻ കോ- ഓർഡിനേറ്റർ, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ പി ഒ, കാസർകോട് 671 123 എന്ന വിലാസത്തിൽ ലഭിക്കണം. ജില്ലാതലത്തിൽ നടത്തുന്ന എഴുത്തുപരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും തെരെഞ്ഞെടുക്കുന്നത്. ജേർണലിസ്റ്റ് ഇന്റേണായി തെരെഞ്ഞെടുക്കപ്പെടുന്നവർക്ക് 10,000 രൂപ വീതം പ്രതിമാസം സ്റ്റൈഫന്റ് അനുവദിക്കും. കാലാവധി പൂർത്തിയാക്കുന്ന ഇന്റേൺസിന് പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകും.

# ക്വട്ടേഷൻ ക്ഷണിച്ചു

കാസർകോട് ഗവ.കോളേജിൽ രണ്ട് സി.സി.ടി.വി. ക്യാമറ വിതരണം ചെയ്യുന്നതിനും സ്ഥാപിക്കുന്നതിനും ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ അടക്കം ചെയ്യുന്ന കവറിനു പുറത്ത് ‘ഗവ.കോളേജിലേക്ക് ആവശ്യമായ രണ്ട് സി.സി.ടി.വി. ക്യാമറ വിതരണം ചെയ്യുന്നതിനും സ്ഥാപിക്കുന്നതിനുമുള്ള ക്വട്ടേഷൻ’ എന്നെഴുതി പ്രിൻസിപ്പാൾ ഗവൺമെന്റ് കോളേജ്, കാസർകോട്, വിദ്യാനഗർ, പി.ഒ., പിൻ -671123 എന്ന വിലാസത്തിൽ അയക്കണം. ക്വട്ടേഷൻ ഈ മാസം 29 ന് ഉച്ചയ്ക്ക് ഒന്നിനകം സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് കോളേജ് ഓഫീസുമായി ബന്ധപ്പെടണം.

# ലൈബ്രറി ട്രെയിനി കൂടിക്കാഴ്ച

എൽ.ബി.എസ് എഞ്ചിനീയറിംഗ് കോളേജിൽ പ്രതിമാസം 5700 രൂപ സ്റ്റൈപ്പന്റിൽ ലൈബ്രറി ട്രെയിനികളെ നിയമിക്കുന്നു. 18 നും 36 നും മദ്ധ്യേ പ്രായമുള്ള (അർഹരായവർക്ക് നിയമാനുസൃതമായ വയസിളവ് ലഭിക്കും.) മേൽ വിഷയത്തിൽ സർട്ടിഫിക്കറ്റ് കോഴ്സ് പാസായ ഉദ്യോഗാർത്ഥികൾ യോഗ്യതയും വയസും തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം നവംബർ 23 ന് രാവിലെ 11ന് കോളേജ് ഓഫീസിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 04994-250290, 250555 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

(അവസാനിച്ചു)